## ടി.എം.സി അബ്ദുർറഹ്മാൻ

**ജമാഅത്തെ** ഇസ്‌ലാമി കാസർകോട് ജില്ലാ സമിതി അംഗമായും ചെറുവത്തൂർ കാർകുൻ ഹൽഖ നാസിമായും പ്രവർത്തിച്ചിരുന്നു ടി.എം.സി അബ്ദുർറഹ്മാൻ(പടന്ന). ജനങ്ങളിലേക്കിറങ്ങിച്ചെന്ന പ്രബോധകനായിരുന്നു ടി.എം.സി. രണ്ട് വർഷം മുമ്പ് പ്രബോധനം ഏറ്റവും കൂടുതൽ വരിചേർത്ത ഹൽഖക്കുള്ള അവാർഡ് പടന്ന കാർകുൻ ഹൽഖക്ക് ലഭിച്ചത്, അദ്ദേഹത്തിന്റെ ശ്രമഫലമായിരുന്നു. സോളിഡാരിറ്റി വീട് നിർമാണ പദ്ധതിയുടെ ഭാഗമായി വീടുകളിൽ കയറിച്ചെന്ന് ഓടുകളും ജനലുകളും സൗജന്യമായി ശേഖരിക്കാൻ അദ്ദേഹം മുന്നിട്ടിറങ്ങി.

ഐ.ആർ.ഡബ്ലിയുവിൽ അംഗമായിരുന്നു അദ്ദേഹം. സൂനാമി ദുരന്തമുണ്ടായ കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിൽ നടന്ന ദുരിതാശ്വാസ ക്യാമ്പിൽ ദിവസങ്ങളോളം അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

മറ്റുള്ളവരെ സഹായിക്കുന്നതുപോലെതന്നെ പ്രവർത്തകരുടെ പ്രയാസങ്ങളും കണ്ടറിഞ്ഞ് അവ പരിഹരിക്കാൻ ശ്രമിച്ചിരുന്നു. പ്രവർത്തകരെ അലട്ടുന്ന വിഷമതകൾ തിരിച്ചറിയാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. സാമ്പത്തിക ഞെരുക്കമുണ്ടായാൽ ഏതെങ്കിലും സ്രോതസ്സിൽനിന്ന് സഹായം ലഭ്യമാക്കിക്കൊടുക്കും. പ്രവർത്തകരുടെ മക്കളുടെ വിദ്യാഭ്യാസ, വിവാഹ കാര്യങ്ങളിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. സമീപ പ്രദേശങ്ങളിൽ ഹൽഖകളും സ്ഥാപനങ്ങളും രൂപീകരിക്കുന്നതിനും അദ്ദേഹം നേതൃത്വം നൽകി.

**സി.എച്ച് മുത്തലിബ്**

## വി. അഹ്മദ് ഹാജി



**ആരാമ്പ്രം** സ്വദേശിയായ വളപ്പിൽ അഹ്മദ് ഹാജി(93) ജമാഅത്തിന്റെ മൂഴിക്കൽ സമ്മേളനത്തോടെയാണ് പ്രസ്ഥാനത്തിലേക്കു കടന്നുവന്നത്. അദ്ദേഹത്തിന്റെ നിലപാടും ജനക്ഷേമ തൽപരതയും കാരണം ശത്രുക്കളെ പോലും മിത്രങ്ങളാക്കാനും അതുവഴി അവരെ പ്രസ്ഥാനത്തിന്റെ സഹകാരികളും സഹയാത്രികരുമാക്കിയെടുക്കാനും സാധിച്ചു. നാട്ടിൽ മതമൈത്രിയുടെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം നിലനിർത്തുന്നതിൽ ഹാജിയുടെ പ്രവർത്തനങ്ങൾ ഏറെ സഹായകമായി.

**വി.എം മാസ്റ്റർ പടനിലം**

## എ.പി ഹൈദർ



**കൊച്ചനൂരിലെ** ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനായിരുന്നു എ.പി ഹൈദർ(70). 1959-ൽ കെ. മൊയ്തു മൗലവിയുടെ നേതൃത്വത്തിൽ രൂപീകൃതമായ നാലംഗ ഹംദർദ് ഹൽഖയുടെ നാസിം അദ്ദേഹമായിരുന്നു. 1980-ൽ സ്ഥാപിതമായ ഇസ്‌ലാമിക് സർവീസ് ട്രസ്റ്റിന്റെ സാരഥ്യവും വഹിച്ചു. പ്രാസ്ഥാനിക കുടുംബമാണ് അദ്ദേഹത്തിന്റേത്.

**എം.എ കുഞ്ഞിമുഹമ്മദ്**
**കൊച്ചനൂർ**

## ഹുസൈൻകോയ പുത്തൻപുരയിൽ



**പൊന്നാനി** തീരദേശ കാർകുൻ ഹൽഖയിലെ പ്രവർത്തകനായിരുന്നു ഹുസൈൻകോയ പുത്തൻപുരയിൽ(51).

ഭാര്യയും 5 പെൺകുട്ടികളുമടങ്ങുന്ന കുടുംബത്തെ പ്രസ്ഥാന വൽക്കരിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

**വി. ബാവഹസ്സൻ മരക്കടവ്**

## കെ. ഖദീജ ടീച്ചർ

**കോഡൂർ** പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു മർഹൂം വി.ടി മുഹമ്മദ് മാസ്റ്ററുടെ ഭാര്യ ഖദീജ ടീച്ചർ. പ്രദേശത്ത് വനിതാ ഹൽഖ കെട്ടിപ്പടുക്കുന്നതിൽ ടീച്ചറുടെ പങ്ക് വലുതായിരുന്നു. ശയ്യാവലംബി ആകുന്നത് വരെ കോഡൂർ വനിതാ ഹൽഖ നാസിമത്തായിരുന്നു.

മക്കൾക്ക് ദീനീ വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധിച്ച ടീച്ചർക്ക് ഒരു പ്രാസ്ഥാനിക കുടുംബം കെട്ടിപ്പടുക്കാൻ സാധിച്ചു. രണ്ട് ആൺമക്കൾ ജമാഅത്ത് അംഗങ്ങളാണ്.

**പി. അബൂബക്കർ വടക്കേമണ്ണ**

## കെ. അബ്ദുൽ അസീസ്



**പാലക്കാട്** ടൗൺ കാർകുൻ ഹൽഖ നാസിമായിരുന്നു കെ. അബ്ദുൽ അസീസ്. ഒരു ഇസ്‌ലാമിക പ്രവർത്തകൻ എങ്ങനെയായിരിക്കണമെന്നതിന് മികച്ച മാതൃകയായിരുന്നു അദ്ദേഹം.

വൃക്കകൾക്ക് തകരാറ് സംഭവിച്ചതിനാൽ വൃക്കമാറ്റി വെച്ചിരുന്നു. മാതൃകാ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. കുടുംബത്തെ ദീനീനിഷ്ഠയിൽ വളർത്തുന്നതിലും പ്രസ്ഥാനവൽക്കരിക്കുന്നതിലും അദ്ദേഹം വിജയിച്ചു.

**പാലക്കാട് ടൗൺഹൽഖ**
**പ്രവർത്തകർ**

## പുതുമ അബ്ദുൽഖാദർ



**തൃശൂർ** മതിലകം പതിയാശ്ശേരി അബ്ദുൽഖാദർ(74), 1970 മുതൽ ജമാഅത്തിന്റെ സജീവ പ്രവർത്തകനായിരുന്നു. തളിക്കുളം അബുസാഹിബുമായി ഉണ്ടായിരുന്ന ബന്ധമാണ് അദ്ദേഹത്തെ പ്രസ്ഥാനത്തോടടുപ്പിച്ചത്.

മൂത്ത മകളുടെ വിവാഹത്തിന് മലയാളത്തിൽ ഖുത്ബ നടത്തിയതിന്റെ പേരിൽ അദ്ദേഹത്തിന് മഹല്ല് വിലക്കേർപ്പെടുത്തുകയുണ്ടായി. എന്നാൽ അതീവ ഹൃദ്യമായ പെരുമാറ്റവും ദ്രോഹിച്ചവരോടുപോലും അങ്ങോട്ടുചെന്ന് നടത്തിയ സ്നേഹപ്രകടനങ്ങളും വഴി ബഹിഷ്കരിച്ചവർ തന്നെ പിന്നീടദ്ദേഹത്തിന്റെ സുഹൃത്തുക്കളായി. നിരവധിയാളുകളെ പ്രസ്ഥാനത്തിലേക്കാകർഷിക്കാൻ അദ്ദേഹത്തിന് സാധിച്ചു. മക്കൾ പ്രസ്ഥാന പ്രവർത്തകരും അനുഭാവികളുമാണ്.

**വി.എ.എഫ്**